പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3620 12.12.2014 - ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ക്ഷേമം

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി, വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത്ക്കരിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം അനുസരിച്ചുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 500 രൂപയിൽ നിന്ന് 600 രൂപയായും 80 വയസ്സ് കഴിഞ്ഞവർക്ക് 1100 രൂപയിൽ നിന്ന് 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും ഇത്തരം പ്രവർത്തികൾ ചെയ്യുന്ന ബന്ധുക്കളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് 15 സർക്കാർ വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ കണ്ടെത്തിയാൽ/ലഭിച്ചാൽ സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ബന്ധുക്കൾക്കെതിരെ വയോജനങ്ങൾ പരാതി നൽകുകയാണെങ്കിൽ നിലവിലുള്ള മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം വയോജനങ്ങളെ സഹായിക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായും നിയമിച്ചിട്ടുണ്ട്. |
| (സി) | രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിച്ച് രോഗം മാറിയിട്ടും, ബന്ധുജനങ്ങൾ സ്വീകരിക്കാതെ വൃദ്ധ സദനങ്ങളിൽ കഴിയുന്ന എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കാമോ ? | (സി) | ഇവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ